## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2070 — 17.06.2014 ൽ മറുപടിയ്ക്ക്

### ഖരമാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) |
| ഖരമാലിന്യ സംസ്കരണത്തിന് നാളിതുവരെയായി എന്തെങ്കിലും പദ്ധതി ഈ സർക്കാർ നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ? | 1994-ലെ നഗരപാലിക ചട്ടങ്ങളും പഞ്ചായത്തീരാജ് ചട്ടങ്ങളും പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനാതിർത്തിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്ക്കരണം എന്നിവ ശരതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. മാലിന്യ സംസ്ക്കരണത്തിലേക്കായി 5 നഗരസഭകളിൽ പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേക്ക് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 296.78 ലക്ഷം രൂപയും 27 നഗരസഭകളിൽ മാലിന്യ സംസ്ക്കരണപ്ലാന്റുകൾ ആധുനികവൽക്കരിക്കുന്നതിലേക്കായി 2011-12, 2012-13 വർഷങ്ങളിലായി 2552.73 ലക്ഷം രൂപയും സർക്കാർ സാമ്പത്തിക സഹായമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്ക്കരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി 64 നഗരസഭകളുടെ പദ്ധതികൾക്കും ഏകദേശം 800 ഓളം ഗ്രാമ പഞ്ചായത്ത് പദ്ധതികൾക്കും സാങ്കേതികാനുമതിയും അവ നടപ്പിലാക്കുന്നതിലേക്കായി ശുചിത്വ മിഷന്റെപദ്ധതി വിഹിതത്തിൽ നിന്നും യഥാക്രമം 2628.94 ലക്ഷം രൂപയും 2215.35 ലക്ഷം രൂപയും സർക്കാർ സാമ്പത്തിക സഹായമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ നിർമൽ ഭാരത് അഭിയാനിൽ നിന്നും ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി 1330.97 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ |

നിർവ്വഹണം പുരോഗമിക്കുന്നതായിട്ടാണ് ജില്ലാ മിഷനുകളിൽ നിന്നും റിപ്പോർട്ടു ചെയ്തിട്ടുളളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ്/ ഇൻസിനറേഷൻ യൂണിറ്റ്, ബയോ ഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് കോംപ്രിഹെൻസീവ് വേസ്റ്റ് മാനേജ്മെന്റ് സ്കീമിൽ പെടുത്തി 2012 –13 സാമ്പത്തിക വർഷത്തിൽ 48 ലക്ഷം രൂപയും 2013–14 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപയും ഈ വകുപ്പ് അനുവദിച്ചിട്ടുണ്ട്. ആധുനിക അറവുശാലകളുടെ നിർമ്മാണത്തിന് നബാർഡിന്റെ ധനസഹായത്തോടെ 2010–11 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ തത്വത്തിൽ അനുവദിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ